(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ശമ്പള, പെൻഷൻ പരിഷ്കരണത്തിനായി ബഡ്ജറ്റിൽ അധിക തുക വകയിരുത്തിയിരുന്നില്ല. 2015-16 സാമ്പത്തിക വർഷത്തിൽ ശമ്പള പരിഷ്കരണവുമായിബന്ധപ്പെട്ട അധിക ചെലവുകൾ നേരിടുന്നതിനായി 1750 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക എല്ലാ വകുപ്പുകളുടെയും ശമ്പള ഇനത്തിലെ ചെലവ് ശീർഷകത്തിൽ ആനുപാതികമായി വിന്യസിച്ചിട്ടുണ്ട്. പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട അധിക ചെലവുകൾ നേരിടുന്നതിനായി 2015-16 ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പെൻഷനുമായി ബന്ധപ്പെട്ട ചെലവ് ശീർഷകങ്ങളുമായി വിന്യസിച്ചിട്ടുണ്ട്.

ഫയർസ്റ്റേഷന് ആസ്തിവികസന ഫണ്ടിൽനിന്ന് തുക

69 (74) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ടിൽനിന്നും ഫയർ സ്റ്റേഷനുകൾക്ക് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി എം.എൽ.എ മാർ സമർപ്പിച്ച അപേക്ഷകൾക്ക് അനുമതി നൽകാതെ ധനകാര്യ വകുപ്പ് തിരിച്ചയക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തടസ്സങ്ങൾ നീക്കി, ഫയർസ്റ്റേഷനുകൾക്ക് ആസ്തിവികസന ഫണ്ടിൽ നിന്നും ഉപകരണ സൗകര്യങ്ങളടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടി ഫയർസ്റ്റേഷന് ഉപകരണങ്ങൾ വാങ്ങുന്നതടക്കമുള്ള വികസന പ്രവർത്തനങ്ങൾക്ക് ആസ്തിവികസന ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ അടിയന്തിര അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്രകാരമുള്ള നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് ഫയർ സ്റ്റേഷനുകൾക്ക് ഉപകരണങ്ങളും മറ്റും വാങ്ങുന്നത് അനുവദനീയമല്ലാത്ത സാഹചര്യത്തിൽ ചാലക്കുടി ഫയർസ്റ്റേഷന് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷ അടക്കമുള്ള വിവിധ ശുപാർശകൾക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly